**കന്നുകാലി പ്രജനനകേന്ദ്രം, തുമ്പൂർമുഴി**
**കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**
**അതിരപ്പിള്ളി റോഡ് , കൊന്നക്കുഴി പി.ഒ., തൃശൂർ ജില്ല, കേരളം**
**ഇ- മെയിൽ: cbft@kvasu.ac.in ഫോൺ: 9188006265**

നം . CBF/A/217/2019

തീയതി: 01.12.2025

## പുനർ ടെൻഡർ / ലേല പരസ്യം

കന്നുകാലി പ്രജനനകേന്ദ്രം, തുമ്പൂർമുഴിയിൽ 2018, 2019 വർഷങ്ങളിലുണ്ടായ പ്രകൃതി ക്ഷോഭങ്ങളിൽ കട പുഴകി വീണ 27 മരങ്ങൾ മൊത്തമായോ ഒറ്റയ്ക്കോ 16/12/2025 ന് പുനർ ടെൻഡർ/ലേലം മുഖേന വിൽപ്പന നടത്തുന്നതാണ്. മരങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| നിരതദ്രവ്യം | : | 6,000/- രൂപ. |
| ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി /സമയം | : | 16/12 /2025, 11.00 AM |
| പരസ്യലേലം ആരംഭിക്കുന്ന സമയം | : | 16/12 /2025, 11.30 AM |
| ടെൻഡർ തുറക്കുന്ന സമയം | : | പരസ്യലേലം കഴിഞ്ഞതിന് ശേഷം . |
| സ്ഥലം | : | കന്നുകാലി പ്രജനനകേന്ദ്രം, തുമ്പൂർമുഴി. |

## നിബന്ധനകൾ

1. ടെൻഡർ തുക അക്കത്തിലും അക്ഷരത്തിലും വ്യക്തമായി എഴുതേണ്ടതാണ്. സ്റ്റേഷൻ മേധാവിയുടെ മേൽവിലാസം മുദ്രണം ചെയ്ത്, ടെൻഡർ ഉള്ളടക്കം ചെയ്ത കവറിനു പുറത്ത് "പ്രകൃതി ക്ഷോഭങ്ങളിൽ കട പുഴകി വീണ 28 മരങ്ങൾക്കു വേണ്ടിയുള്ള ടെൻഡർ" എന്നെഴുതിയിരിക്കണം .
2. ടെൻഡർ/ലേലത്തിൽ പങ്കെടുക്കുന്നവർ, നിരതദ്രവ്യമായി 6,000/- രൂപ അടയ്ക്കേണ്ടതുണ്ട്. നിരതദ്രവ്യം ഡി ഡി. യായോ പണമായി ഓഫീസിൽ നേരിട്ടോ അടയ്ക്കാവുന്നതാണ് .
3. ടെൻഡർ ഉള്ളടക്കം ചെയ്ത കവർ തപാലിൽ "പ്രൊഫസർ & ഹെഡ്, കന്നുകാലി പ്രജനനകേന്ദ്രം, തുമ്പൂർമുഴി" എന്ന വിലാസത്തിൽ അയക്കുകയോ ഓഫീസിൽ നേരിട്ട് സമർപ്പിക്കുകയോ ചെയ്യാവുന്നതാണ് .
4. ടെൻഡർ ഫോം സർവ്വകലാശാലയുടെ വെബ് സൈറ്റിൽ (www.kvasu.ac.in) നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. --/12/2025 രാവിലെ 11 മണി വരെ ടെൻഡർ ഫോം 590/- രൂപയ്ക്ക് (500+ 18 % GST) ഈ ഓഫീസിൽ നിന്ന് നേരിട്ടു വാങ്ങാവുന്നതാണ്.
5. ടെൻഡർ/ലേലത്തിൽ ഒരു മരത്തിനായോ ഒരു കൂട്ടം മരങ്ങൾക്കുമായോ മൊത്തം മരങ്ങൾക്കായോ വില രേഖപ്പെടുത്താവുന്നതാണ്. എന്നാൽ മരങ്ങളുടെ നമ്പർ കൃത്യമായി എഴുതേണ്ടതാണ്,

6. ടെൻഡർ/ലേലം ലഭിച്ച ആൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മരങ്ങൾ കൊണ്ടുപോകേണ്ടതാണ്.
7. ടെൻഡർ തപാലിൽ അയക്കുന്നവർ GST Registration സർട്ടിഫിക്കറ്റ്, പാൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പ് എന്നിവ ടെൻഡർ ഫോമിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
8. ടെൻഡർ ഫോം തപാലിൽ അയയ്ക്കുന്നവർ ടെൻഡർ ഫോമിന്റെ വിലയായ 590/- രൂപയും നിരതദ്രവ്യമായ 6000/- രൂപയും "പ്രൊഫസർ & ഹെഡ്, കന്നുകാലി പ്രജനനകേന്ദ്രം, തുമ്പൂർമുഴി" എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചാലക്കുടി ബ്രാഞ്ചിൽ മാറാവുന്ന വെവ്വേറെ ഡി.ഡി കളായി "പ്രൊഫസർ & ഹെഡ്, കന്നുകാലി പ്രജനനകേന്ദ്രം, തുമ്പൂർമുഴി" എന്ന വിലാസത്തിൽ അയക്കേണ്ടതാണ് .
9. ടെൻഡർ ഫോമുകളുടെ വില തിരികെ ലഭിക്കുന്നതല്ല. ഒപ്പിട്ടു സമർപ്പിക്കാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്. ടെൻഡറിൽ ഉദ്ധരിച്ച നിരക്കുകൾ ഇന്ത്യൻ കറൻസിയിലായിരിക്കണം
10. ടെൻഡർ/ലേലത്തിനുശേഷം ഫാമിൽ അനാവശ്യമായി നില്ക്കാൻ പാടുള്ളതല്ല
11. വില്പനക്കായുള്ള മരങ്ങൾ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുമതിയോടെ പ്ലോട്ടിൽ വന്ന് പരിശോധിക്കാവുന്നതാണ് .
12. ടെൻഡർ/ലേലം സ്ഥിരീകരിക്കാത്തവരുടെ നിരതദ്രവ്യം ലേല നടപടി പൂർത്തിയാക്കിയ ശേഷം മടക്കി നൽകുന്നതാണ് .
13. ടെൻഡർ/ലേലം സ്ഥിരീകരിച്ചു കഴിഞ്ഞാൽ പ്രസ്തുത വ്യക്തി മൊത്തം ലേല തുകയുടെ 1/3 ഭാഗം (നിരതദ്രവ്യത്തിന് പുറമെ ) അന്നേ ദിവസം തന്നെ ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്
14. ബാക്കി തുക ബാധകമായ നികുതികൾ അടക്കം പൂർണമായി 7 ദിവസത്തിനകം അടച്ചതിനുശേഷം 30 ദിവസത്തിനുള്ളിൽ മരങ്ങൾ ഇവിടെ നിന്നും നീക്കം ചെയ്യേണ്ടതാണ്. 30 ദിവസത്തിനുശേഷം നീക്കം ചെയ്യാത്ത മരങ്ങൾ പ്ലോട്ടുകൾക്ക് 1 ദിവസത്തിന് 1000/-രൂപ എന്ന നിരക്കിൽ വാടക ഈടാക്കുന്നതായിരിക്കും .
15. ടെൻഡർ/ലേല നിരക്കുകൾക്കു പുറമെ സർക്കാർ നിരക്കിൽ ബാധകമായ നികുതികൾ കൂടി ( 5% FDT യും 18% GSTയും 2.5 % IT യും) ചുമത്തുന്നതാണ് .
16. നിശ്ചിത സമയത്തിനുള്ളിൽ തുക പൂർണമായി അടയ്ക്കാതിരുന്നാൽ ലേലം റദ്ദു ചെയ്ത് പുനർലേലം നടത്തുന്നതും അടച്ച തുക പൂർണ്ണമായും സർവ്വകലാശാലയ്ക്ക് മുതൽകൂട്ടാക്കുന്നതുമായിരിക്കും.
17. ടെൻഡർ / ലേലം ഉറപ്പിച്ചു കിട്ടുന്ന ആൾ ടെൻഡർ / ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം കരാർ റദ്ദു ചെയ്യുന്നതും അടച്ച തുക മുഴുവൻ സർവ്വകലാശാലയുടെ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതുമാണ് .
18. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് GST Registration, പാൻ കാർഡ്, ആധാർ കാർഡ് എന്നിവ നിർബന്ധമാണ് .
19. ലേലത്തിൽ പങ്കെടുക്കുന്നത് വ്യക്തികളാണെങ്കിൽ ആധാർ കാർഡിന്റെയും പാൻ കർഡിന്റെയും പകർപ്പിനൊപ്പം ഓഫീസിൽ നിന്നും ലഭിക്കുന്ന സത്യപ്രസ്താവന കൂടി വയ്ക്കുകയാണെങ്കിൽ GST Registration ആവശ്യമില്ല.

20. ടെൻഡർലേലം ലഭിച്ച ആൾ/ ഓഫീസ് സമയങ്ങളിൽ വന്ന് ( രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ) ഓഫീസ് മേധാവിയുടെ /ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവോടും സമ്മതത്തോടും കൂടിയേ മരങ്ങൾ കൊണ്ടുപോകാൻ പാടുള്ളൂ. 30 ദിവസങ്ങൾക്കുള്ളിൽ എല്ലാ ലേല മരങ്ങളും കൊണ്ടുപോകേണ്ടതാണ്. അനാവശ്യമായി ഫാമിൽ ചുറ്റിക്കറങ്ങാൻ അനുവദിക്കുന്നതല്ല .
21. യാതൊരു കാരണവും കാണിക്കാതെ ടെൻഡർ/ലേലം മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ഫാം മേധാവിയിൽ നിക്ഷിപ്തമായിരിക്കും .
22. ലേലം ഉറപ്പിച്ചതായുള്ള അന്തിമ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഫാം മേധാവിയിൽ നിക്ഷിപ്തമായിരിക്കും
23. ടെൻഡർ/ലേലം ലഭിച്ച ആൾ സർവ്വകലാശാലയ്ക്ക് എന്തെങ്കിലും നാശനഷ്ടങ്ങൾ വരുത്തിവെച്ചാൽ ആയത് ടെൻഡർ/ലേലം ലഭിച്ച ആളിൽ നിന്നും ഈടാക്കുന്നതാണ്
24. ടെൻഡർ/ലേലം വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടുന്നതാണ്
25. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ടെണ്ടറുകൾ നിരസിക്കുന്നതാണ്.
26. ഏതെങ്കിലും കാരണവശാൽ ടെൻഡർ /ലേലം നിശ്ചയിച്ച ദിവസം അവധി ദിനമായി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെൻഡർ /ലേലം നടത്തുന്നതായിരിക്കും .
27. സർക്കാർ ലേലം/ടെൻഡറിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ലേലം/ടെൻഡറിനും ബാധകമാണ്.
28. ടെൻഡർ/ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ (10 AM മുതൽ 4.30 PM വരെ ) ഫാം ഓഫീസിൽ നേരിട്ടോ 0480- 2746165 എന്ന നമ്പറിലോ ബന്ധപ്പെടേണ്ടതാണ്

ഒപ്പ് /-
പ്രൊഫസർ & ഹെഡ്

സ്വീകർത്താവ്: നോട്ടീസ് ബോർഡ്/ സീനിയർ ഫാം സൂപ്പർ വൈസർ/മേൽനോട്ട സമിതി അംഗങ്ങൾ

പകർപ്പ് : പഞ്ചായത്ത് ഓഫീസ്/വില്ലേജ് ഓഫീസ്, പരിയാരം/യൂണിവേഴ്സിറ്റി ഔദ്യോഗിക വെബ്സൈറ്റ് / പ്രമുഖസ്ഥാപനങ്ങൾ /ഫയൽ/കരുതൽ.

//അംഗീകാരത്തോടെ അയക്കുന്നത് //

അസിസ്റ്റന്റ് രജിസ്ട്രാർ

| ക്രമ നം | മരത്തിന്റെ നം. | ഇനം | കാതൽ (സെ.മി.) | ഉയരം (മീ.) |
|---|---|---|---|---|
| 1 | 146 | തേക്ക് | 175 | 6 |
| 2 | 150 | തേക്ക് | 150 | 5 |
| 3 | 154 | തേക്ക് A | 180 | 5.5 |
| | ,, | B | 160 | 3.3 |
| 4 | 148 | ചൂളമരം | 160 | 8 |
| 5 | 191 | ചടച്ചി | 104 | 3 |
| 6 | 193 | ചടച്ചി | 140 | 4 |
| 7 | 194 | ചടച്ചി | 180 | 5 |
| 8 | 195 | ചടച്ചി | 165 | 6 |
| 9 | 196 | ചടച്ചി | 152 | 4 |
| 10 | 197 | ചടച്ചി | 195 | 3 |
| 11 | 198 | ചടച്ചി | 130 | 6 |
| 12 | 199 | ചടച്ചി A | 117 | 4 |
| | ,, | B | 116 | 4 |
| 13 | 229 | ചടച്ചി | 220 | 4 |
| 14 | 275 | ചടച്ചി | 157 | 6 |
| 15 | 227 | ചടച്ചി | 147 | 7 |
| 16 | 228 | ആരംപുളി | 130 | 4 |
| 17 | 248 | ചടച്ചി | 137 | 5 |
| 18 | 249 | ചടച്ചി | 135 | 4 |
| 19 | 250 | ചടച്ചി | 140 | 6 |
| 20 | 251 | ചടച്ചി | 205 | 7 |
| 21 | 252 | ചടച്ചി | 210 | 6 |
| 22 | 254 | ചടച്ചി | 152 | 4 |
| 23 | 255 | ചടച്ചി | 136 | 7 |
| 24 | 257 | ചടച്ചി | 140 | 7 |
| 25 | 269 | ചടച്ചി | 185 | 6 |
| 26 | 357 | തേക്ക് | 142 | 7 |
| 27 | 356 | തേക്ക് | 98 | 2 1/2 |